# പതിനാലാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2914

07.12.2018-ലെ മറുപടി

## പാടിവട്ടം മരിയാപാർക്ക് മുതൽ തൃക്കാക്കര അമ്പലം വരെയുള്ള പൈപ്പ് ലൈൻ റോഡ് നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ പാടിവട്ടം മരിയാപാർക്ക് മുതൽ തൃക്കാക്കര അമ്പലം വരെയുള്ള പൈപ്പ് ലൈൻ റോഡ് തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി)യും | ഉണ്ട്; കളമശ്ശേരി നഗരസഭയുടെ 27,28 വാർഡുകളിൽ ഉൾപ്പെട്ട കേരള ജല അതോറിറ്റിയുടെ കീഴിൽ വരുന്ന തൃക്കാക്കര പൈപ്പ് ലൈൻ ജംഗ്ഷൻ മുതൽ കേസരി വായനശാല ജംഗ്ഷൻ വരെയുള്ള പൈപ്പ് ലൈൻ റോഡ് സഞ്ചാര യോഗ്യമല്ലാത്ത തിനാൽ MLA യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ടാർ പൊളിച്ച് പാകി റോഡ് സഞ്ചാര യോഗ്യമാക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിനായി ആലുവ പബ്ലിക് ഹെൽത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മരിയാപാർക്ക് മുതൽ തൃക്കാക്കര അമ്പലം വരെയുള്ള ഭാഗം ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പ് നടപടി സ്വീകരിക്കുകയോ മുനിസിപ്പാലിറ്റിക്ക് അനുവാദം നൽകുകയോ ചെയ്യുമോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**